## കൗണ്ടർ ടെററിസം (CT) സംബന്ധിച്ച ഇന്ത്യ– USA സംയുക്ത വർക്കിംഗ് ഗ്രൂപ്പിന്റെ (JWG) 21-ആം യോഗവും 7-ാം ഡെസിഗ്നേഷൻസ് ഡയലോഗും സംബന്ധിച്ച സംയുക്ത പ്രസ്താവന

ഡിസംബർ 06, 2025

ഇന്ത്യയും യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയും (USA) 2025 ഡിസംബർ 3 ന് ന്യൂഡൽഹിയിൽ ഇന്ത്യ-USA സംയുക്ത വർക്കിംഗ് ഗ്രൂപ്പിന്റെ (JWG) 21-ആമത് കൗണ്ടർ ടെററിസം(CT) യോഗവും 7-ാമത് ഡെസിഗ്നേഷൻസ് ഡയലോഗും നടത്തി. ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി (കൗണ്ടർ ടെററിസം) ഡോ. വിനോദ് ബഹാഡെ, US സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിലെ കൗണ്ടർ ടെററിസം ബ്യൂറോയിലെ സീനിയർ ബ്യൂറോ ഉദ്യോഗസ്ഥ ശ്രീമതി മോണിക്ക ജേക്കബ്സൺ എന്നിവർ തങ്ങളുടെ പ്രതിനിധി സംഘങ്ങളെ നയിച്ചു.

2. തീവ്രവാദത്തിനെതിരെ ഇന്ത്യയും USAയും ഒരുമിച്ച് പ്രവർത്തിക്കേണ്ടത് എത്രത്തോളം പ്രധാനമാണെന്ന് യോഗങ്ങൾ എടുത്തുകാണിച്ചു, ഇത് അവരുടെ ശക്തമായ ഗ്ലോബൽ സ്ട്രാറ്റജിക് പാർട്ട്ണഷിപ്പിന്റെ ആഴം പ്രതിഫലിപ്പിക്കുന്നു. അതിർത്തി കടന്നുള്ള തീവ്രവാദം ഉൾപ്പെടെ എല്ലാ വിധത്തിലുമുള്ള  തീവ്രവാദത്തെയും ഇരുപക്ഷവും ശക്തമായി അപലപിച്ചു. തീവ്രവാദ ആവശ്യങ്ങൾക്കായി ആളില്ലാ ആകാശ വാഹനങ്ങൾ (UAVകൾ), ഡ്രോണുകൾ,  AI എന്നിവയുടെ ഉപയോഗം വർദ്ധിക്കുന്നതിൽ അവർ ആശങ്ക പ്രകടിപ്പിച്ചു. 2025 ഏപ്രിൽ 22-ന് ജമ്മു-കശ്മീരിലെ പഹൽഗാമിൽ നടന്ന തീവ്രവാദ ആക്രമണത്തെയും, 2025 നവംബർ 10-ന് ന്യൂഡൽഹിയിലെ ചെങ്കോട്ടയ്ക്ക്  സമീപം നടന്ന ക്രൂരമായ ഭീകരാക്രമണത്തെയും അവർ ശക്തമായി അപലപിച്ചു. ഇതിന് പിന്നിൽ പ്രവർത്തിക്കുന്നവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്ന് അവർ ഊന്നിപ്പറഞ്ഞു.

3. തീവ്രവാദ റിക്രൂട്ട്മെന്റ്, തീവ്രവാദ ആവശ്യങ്ങൾക്കായി സാങ്കേതികവിദ്യ ദുരുപയോഗം ചെയ്യൽ, തീവ്രവാദത്തിന് ധനസഹായം നൽകൽ തുടങ്ങിയ കാലാകാലങ്ങളായി നേരിടുന്ന ഭീഷണികളും ഉയർന്നുവരുന്ന പുതിയ വെല്ലുവിളികളും ഇരുപക്ഷവും അവലോകനം ചെയ്തു. രണ്ടു കൂട്ടരും വെല്ലുവിളികൾക്കെതിരെ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ ചർച്ച ചെയ്തു. അതിൽ പരിശീലനം, സൈബർ സുരക്ഷ, മികച്ച പ്രവർത്തന രീതികളുടെ കൈമാറ്റം, വിവരങ്ങളുടെ കൈമാറ്റം എന്നിവയും ഉൾപ്പെടുന്നു.

4. ഇന്ത്യയിൽ നിന്നും യുണൈറ്റഡ് സ്റ്റേറ്റ്സിൽ നിന്നുമുള്ള പങ്കാളികൾ നിയമ പ്രവർത്തനവും നീതിന്യായ സഹകരണവും ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ചർച്ച നടത്തി. ഇതിൽ വിവരങ്ങൾ പങ്കിടൽ, പരസ്പര നിയമസഹായ അഭ്യർത്ഥനകളിൽ സഹകരണം എന്നിവയും ഉൾപ്പെടുന്നു.

5. തീവ്രവാദത്തെ നേരിടുന്നതിന് സുസ്ഥിരവും സമഗ്രവുമായ രീതിയിൽ യോജിച്ച പ്രവർത്തനം ആവശ്യമാണെന്ന് ഇരുപക്ഷവും ഊന്നിപ്പറഞ്ഞു. ഈ പശ്ചാത്തലത്തിൽ, UN ക്വാഡ്, ഫൈനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) എന്നിവയുൾപ്പെടെ തീവ്രവാദത്തെ ചെറുക്കുന്നതിലുള്ള ബഹുമുഖ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത ഇരുപക്ഷവും പുതുക്കി. ഇരുവിഭാഗങ്ങളും UN 1267 ഉപരോധ പട്ടികയിൽ ISIS, അൽ-ഖയ്ദയുമായി ബന്ധപ്പെട്ട ഗ്രൂപ്പുകളെയും, ലഷ്കർ-ഇ-തൊയ്ബ (LeT), ജെയ്ഷ്-ഇ-മുഹമ്മദ് (JeM) എന്നിവയെയും അവരുടെ പ്രോക്സി ഗ്രൂപ്പുകളെയും അവരുടെ അനുയായികളെയും, അവരുടെ സ്പോൺസർമാരെയും അവർക്ക് ധനസഹായം നൽകുന്നവരെയും ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. ഇതിലൂടെ അവരുടെ അംഗങ്ങൾക്ക് പണം ഉപയോഗിക്കാനോ, വിദേശത്തേക്ക് യാത്ര ചെയ്യാനോ, ആയുധങ്ങൾ വാങ്ങാനോ കഴിയില്ല. ഇന്ത്യയും യുണൈറ്റഡ് സ്റ്റേറ്റ്സും ഭീകരവിരുദ്ധ പ്രവർത്തനങ്ങളിൽ കൂടുതൽ ഒന്നിച്ചുനിൽക്കുന്നുവെന്ന കാര്യം ഊന്നിപ്പറഞ്ഞുകൊണ്ട്, ലഷ്കർ-ഇ-തൊയ്ബയുടെ (LeT) ഒരു പ്രോക്സിയായ ദി റെസിസ്റ്റൻസ് ഫ്രണ്ട് (TRF) നെ ഫോറിൻ ടെററിസ്റ്റ് ഓർഗനൈസേഷനായും(FTO) സ്പെഷ്യലി ഡെസിഗ്നേറ്റഡ് ഗ്ലോബൽ ടെററിസ്റ്റ് (SDGT) ആയും പ്രഖ്യാപിച്ചതിന് US സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന് ഇന്ത്യ നന്ദി പ്രകടിപ്പിച്ചു.

6. കൗണ്ടർ ടെററിസം പ്രവർത്തനങ്ങൾ, ഡെസിഗ്നേഷൻസ് ഡയലോഗ് സംബന്ധിച്ച സംയുക്ത വർക്കിംഗ് ഗ്രൂപ്പിന്റെ അടുത്ത യോഗം യുണൈറ്റഡ് സ്റ്റേറ്റ്സിൽ സൗകര്യപ്രദമായ തീയതിയിൽ നടത്താൻ ഇരു വിഭാഗവും തീരുമാനിച്ചു.

ന്യൂഡൽഹി

ഡിസംബർ 06, 2025